"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-കിടങ്ങൂർ ഗ്രാമപഞ്ചായത്ത്- ശ്രീ. എം.എൻ.രാജൻ, മന്ദിരം പറമ്പിൽ എന്ന ആളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2278/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:-

1. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/07/2021 തീയതിയിലെ A2-134/21 നമ്പർ കത്ത്.
2. ലൈഫ് മിഷൻ കോട്ടയം ജില്ലാ കോ-ഓർഡിനേറ്ററുടെ 15/04/2021 തീയതിയിലെ 25/LF/KTM/2021 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14/09/2021-ലെ 4.39-ാം നമ്പർ തീരുമാനം.

## ഉത്തരവ്

കിടങ്ങൂർ പഞ്ചായത്തിലെ ശ്രീ. എം.എൻ.രാജൻ, മന്ദിരം പറമ്പിൽ എന്ന ആൾക്ക് വീട് അനുവദിച്ച് നൽകണമെന്ന് 23.4.2021-ലെ ഗ്രാമ പഞ്ചായത്ത് സമിതി തീരുമാന പ്രകാരം പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടിയാൻ ലൈഫ് മൂന്നാം ഘട്ട ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും കെ.എസ്. ആർ.ടി.സി പെൻഷണറായതിനാൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. 7000/-രൂപ മാത്രമാണ് പ്രതിമാസ പെൻഷൻ എന്നും ക്യാൻസർ രോഗിയാണെന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ കോട്ടയം ജില്ലാ കോ-ഓർഡിനേറ്ററും അപേക്ഷിക്കുകയുണ്ടായി.

2. ഇക്കാര്യം 14/09/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ. എം.എൻ.രാജൻ, മന്ദിരം പറമ്പിൽ എന്ന ആളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
സെക്രട്ടറി കിടങ്ങൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം.

ശ്രീ. എം.എൻ.രാജൻ, മന്ദിരം പറമ്പിൽ (കിടങ്ങൂർ ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reeu

സെക്ഷൻ ഓഫീസർ